പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3860 — 21.10.2016 ലെ മറുപടിയ്ക്ക്

## മഴയുടെ അപര്യാപ്തത

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>ശ്രീ.ടി. വി. ഇബ്രാഹിം<br>ശ്രീ.കെ.എം.ഷാജി<br>ശ്രീ.പി.ബി. അബ്ദുൽ റസ്സാക്ക് | | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) | |
| എ) | സംസ്ഥാനം നേരിടുന്ന മഴയുടെ അപര്യാപ്തത കാർഷിക മേഖലയെ ഏതുവിധത്തിൽ ബാധിക്കുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഈ പ്രതിഭാസം കാർഷിക വിളകളുടെ വളർച്ചയെ ദോഷകരമായി ബാധിക്കുമെന്ന വിദഗ്ധരുടെ അഭിപ്രായം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | എങ്കിൽ കാർഷിക വിളകളെ രക്ഷിക്കാനുള്ള എന്തെല്ലാം മാർഗ്ഗങ്ങൾ സ്വീകരിക്കുമെന്നറിയിക്കുമോ? | (സി) | മഴക്കുറവ് മൂലമുണ്ടാകുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി നെൽകർഷകർ മൂപ്പകുറഞ്ഞ വിത്തിനങ്ങൾ ഉപയോഗിച്ച് കൃഷി ചെയ്യുവാനും എല്ലാ കർഷകരും വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാകാനും നിർദ്ദേശം നൽകിയിട്ടുണ്ട്. മഴയില്ലാതെ വിത്ത് മുളയ്ക്കാത്ത സാഹചര്യത്തിൽ വീണ്ടും വിതയ്ക്കുന്നതിനായി വിത്തിന്റെ കരുതൽ ശേഖരം സംസ്ഥാന വിത്തുവികസന അതോറിറ്റിയിൽ സൂക്ഷിച്ചിട്ടുണ്ട്.<br>ജലസേചനം സുഗമമാക്കുന്നതിനായി തോടുകളും ചാലുകളും ആഴം കൂട്ടുന്നതിനും മണ്ണും ചെളിയും നിറഞ്ഞവ വൃത്തിയാക്കുന്നതിനും നടപടികൾ സ്വീകരിയ്ക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. വരൾച്ചയുടെ ആഘാതം ലഘൂകരിക്കുന്നതിനുള്ള വിവിധ മാർഗ്ഗങ്ങളെക്കുറിച്ച് കർഷകർക്ക് ബോധവൽക്കരണം, സാങ്കേതിക മാർഗ്ഗങ്ങളെക്കുറിച്ച് ഉപദേശം എന്നിവ നൽകുന്നുണ്ട്. ഒഴുകി പോകുന്ന ജലം തടഞ്ഞ് നിർത്തുന്നതിനായി താല്ക്കാലിക തടയണകളും, കുളങ്ങൾ സംരക്ഷിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ